LIBRARY ARCHIVES Kerala Legislative Assembly

ആദിവാസിക്ഷേമത്തിനായി കേന്ദ്രസഹായം

230(2434) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കേന്ദ്രസഹായമായി നൽകിയ തുക എത്രയെന്നും പദ്ധതി ഏതൊക്കെയാണെന്നും വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത ധനസഹായം അതേ ആവശ്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കാതെ തിരിച്ചടയ്ക്കേണ്ട സ്ഥിതിയുണ്ടായിട്ടുണ്ടോ; എങ്കിൽ പദ്ധതി, വർഷം തിരിച്ചടച്ച തുക എന്നിവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) ആദിവാസി സമൂഹത്തിന് എന്തൊക്കെ നഷ്ടമാണ് ഇതുമൂലം സംഭവിച്ചതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ആദിവാസി ക്ഷേമത്തിനായി ഈ സർക്കാരിന്റെ കാലയളവിൽ ഓരോ വർഷവും കേന്ദ്രസഹായമായി നൽകിയ തുകയുടെയും പദ്ധതിയുടെയും വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി&സി) കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെ ലഭ്യമാകുന്ന തുക കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങൾ അനുസരിച്ചുള്ള പദ്ധതികൾ നടപ്പിലാക്കാൻ മാത്രമേ സർക്കാർ ഭരണാനുമതി നൽകുകയുള്ളൂ. കേന്ദ്രാവിഷ്കൃത/കേന്ദ്രസഹായ പദ്ധതികളിൽ ലഭിക്കുന്ന തുക അതത് വർഷം ലാപ്സാകുകയില്ല. ശേഷിക്കുന്ന തുക വരും വർഷങ്ങളിൽ ഉചിതമായ പദ്ധതികൾ നടപ്പാക്കുന്നതിനായി ചെലവഴിച്ചു വരുന്നു.

ആദിവാസി സമരഘട്ടങ്ങളിലെ വാഗ്ദാനങ്ങൾ

231(2435) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായ്ബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികളുടെ ആവശ്യങ്ങൾക്കായി സമരഘട്ടങ്ങളിൽ നൽകിയ വാഗ്ദാനങ്ങൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഇവയിൽ ഏതൊക്കെ വാഗ്ദാനങ്ങൾ നടപ്പിലാക്കാതിരുന്നിട്ടുണ്ട് എന്ന് വിശദമാക്കാമോ ;

(സി) നൽകിയ വാഗ്ദാനങ്ങൾ നടപ്പിലാക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ സർക്കാരിന്റെ കാലയളവിൽ ആദിവാസികളുടെ ആവശ്യങ്ങൾക്കായി സമരഘട്ടങ്ങളിൽ നൽകിയ വാഗ്ദാനങ്ങൾ ചുവടെ ചേർക്കുന്നു:

1. കേന്ദ്രസർക്കാരും സുപ്രീംകോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുക.
2. ആറളം ഫാമിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് റിപ്പോർട്ട് സർക്കാരിന് സമർപ്പിക്കുക.
3. ആദിവാസി പുനരധിവാസ വികസന മിഷന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ഒരു ആഫീസറെ നിയമിക്കുക.
4. കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ ആദിവാസി ഭൂരിപക്ഷമുള്ള മേഖലകളെ പട്ടികവർഗ്ഗ മേഖലകളായി പ്രഖ്യാപിക്കുന്ന പെസ നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുക.
5. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത കൃഷി രീതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുക.
6. മുത്തങ്ങ സമരത്തിൽ കുടിയിറക്കപ്പെട്ട 447 ആദിവാസി കുടുംബങ്ങൾക്ക് പുനരധിവാസത്തിന് ആവശ്യമായ നടപടി സ്വീകരിക്കുക.
7. മുത്തങ്ങ സമരത്തിൽ പങ്കെടുത്ത 44 കുട്ടികൾക്ക് അർഹമായ ധനസഹായം ലഭ്യമാക്കുക.
8. വയനാട് ജില്ലയിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതിക്കായുള്ള നടപടി സ്വീകരിക്കുക.
9. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി അവസാനിപ്പിക്കുക.
10. വനാവകാശ നിയമം-2006 പ്രകാരമുള്ള കൈവശരേഖകൾ നൽകുന്ന നടപടി സ്വീകരിക്കുക.

(ബി) ആദിവാസി വിഭാഗങ്ങൾ നടത്തിയ സമരത്തിൽ ഉറപ്പ് നൽകിയ എല്ലാ വാഗ്ദാനങ്ങളും സർക്കാർ നടപ്പിലാക്കിവരുന്നു. കേന്ദ്ര സർക്കാരും സുപ്രീം കോടതിയും അംഗീകരിച്ച വാസയോഗ്യമായ 7693 ഹെക്ടർ ഭൂമി ആദിവാസികൾക്ക് വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ആറളം ഫാമിംഗ് കോർപ്പറേഷനുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിച്ച് വകുപ്പ് ഡയറക്ടർ റിപ്പോർട്ട്

തയ്യാറാക്കി സർക്കാരിന് സമർപ്പിച്ച് കഴിഞ്ഞു. റ്റി.ആർ.ഡി.എം.-ന്റെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് വകുപ്പ് ഡയറക്ടറെ സ്പെഷ്യൽ ഓഫീസറായി നിയമിച്ചു കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിലെ പട്ടികവർഗ്ഗ മേഖലകളായി പ്രഖ്യാപിക്കുന്ന (പെസ) നിയമം നടപ്പിലാക്കുന്നതിന് ആവശ്യമായ റിപ്പോർട്ട് 7-4-2015-ൽ കേന്ദ്ര സർക്കാരിന് സമർപ്പിച്ചു. ഇത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. അട്ടപ്പാടിയിലെ പട്ടികവർഗ്ഗക്കാർക്ക് പരമ്പരാഗത കൃഷിരീതി നടപ്പിലാക്കുന്നതിന് വകുപ്പ് 18 ലക്ഷം രൂപ കുടുംബശ്രീയ്ക്ക് നൽകി. ഇതിനാവശ്യമായ വിത്ത് ഇനങ്ങൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുത്തങ്ങ സമരത്തിൽ കേസിൽപ്പെടുത്തിയ 447 ആദിവാസി കുടുംബങ്ങൾക്ക് പുനരധിവാസത്തിന് ആവശ്യമായ നടപടി സ്വീകരിച്ചുവരുന്നു. സമരത്തിൽ അറസ്റ്റ് ചെയ്യപ്പെട്ട 44 കേസുകളിൽ അർഹരായ 43 കേസുകൾക്ക് ഒരു ലക്ഷം രൂപ വീതം ധനസഹായം അനുവദിച്ച് അവരുടെ അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. വയനാട് ജില്ലയിൽ ആദിവാസികളുടെ പുനരധിവാസ പദ്ധതിക്കായി അനുവദിച്ച 50 കോടി രൂപയിൽ 3 ഗുണഭോക്താക്കൾക്ക് ഒരേക്കർ വീതം ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ ഇതിന്റെ ഭാഗമായി 107.6 ഏക്കർ ഭൂമി കണ്ടെത്തി നെഗോസ്യേഷൻ നടത്തി 96 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. ആറളം ഫാമിലെ പൈനാപ്പിൾ കൃഷിയുടെ പാട്ടക്കാലാവധി പുതുക്കി നൽകേണ്ടെന്ന് തീരുമാനിച്ചിട്ടുണ്ട്. വനാവകാശ നിയമ പ്രകാരമുള്ള കൈവശരേഖകൾ നൽകുന്ന നടപടി പൂർത്തീകരണഘട്ടത്തിലാണ്.

(സി) നൽകിയ വാഗ്ദാനങ്ങൾ വിവിധ ഘട്ടങ്ങളായി നടപ്പാക്കി വരുന്നു.

വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ

232(2436) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികം-ഹൗസിംഗ് ബോർഡുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനാവകാശ നിയമമനുസരിച്ച് ആദിവാസികൾക്ക് ലഭിക്കേണ്ട ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) എങ്കിൽ ആയവ ലഭിച്ചിട്ടില്ലാത്ത ആദിവാസികൾക്ക് അവ പൂർണ്ണമായി നൽകുന്നതിന് സാധ്യമായിട്ടുണ്ടോ ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly